www.malankaralibrary.com

# വൈരുദ്ധ്യാത്മക ഭൗതീകവാദം
# (Dialectical Materialism)

K.M. FRANCIS

മാർക്സും എംഗൽസും ഭൗതീക വാദം എന്ന പദം രണ്ട് രീതിയിൽ ഉപയോഗിക്കുന്നു. സത്യം വസ്തുനിഷ്ഠമാണ് എന്ന് ചിന്തിക്കുന്നവരാണ് ഭൗതീകവാദികൾ എന്ന് ചില രചനകൾ ഉന്നയിക്കുന്നു. എന്നാൽ ഇവരുടെ കൃതികളിൽ തന്നെ പ്രപഞ്ചം എങ്ങിനെ രൂപം കൊണ്ടു എന്നതിന്റെ വ്യാഖ്യാനമായും ഭൗതീക വാദം എന്ന പദം ഉപയോഗിക്കുന്നു.

"ലുഡ്‌വിഗ് ഫോയർബാഹും ക്ലാസിക്കൽ ജർമൻ തത്വചിന്തയുടെ ലക്ഷ്യവും" എന്ന പേരിൽ എംഗൽസ് രചിച്ച കൃതിയിലാണ് ഭൗതീകവാദത്തിന്റെ രണ്ട് അർത്ഥവും നൽകുന്നത്. (1) ചിന്തയും സത്തയും തമ്മിൽ ഏകീഭവിക്കുന്നുവെന്ന ചിന്തയാണ് ഭൗതീക വാദം. ചിന്തയും സത്തയും ഏകീഭവിക്കുന്ന ഏകയാഥാർത്ഥ്യം ദൈവമാണെന്നും, മനുഷ്യൻ ചരിത്രത്തിലൂടെ ഈ ലക്ഷ്യം കൈവരിക്കുമെന്നും തോമസ് അക്വീനാസ് പഠിപ്പിക്കുന്നു. (തോമസ് അക്വീനാസ്, സുമ്മാ തിയോളജിക്കാ, Part 1, 16) (2) പ്രപഞ്ചത്തിന് ആരംഭവും അവസാനവുമില്ല അത് സ്വയംഭൂവാണ് എന്നതാണ് ഭൗതീകവാദത്തിന്റെ രണ്ടാമത്തെ അർത്ഥം.

**a. വസ്തുനിഷ്ഠ സത്യം നിലനിൽക്കുന്നുവെന്ന അർത്ഥത്തിലുള്ള ഭൗതീകവാദം**

സത്യമെന്നാൽ എന്താണ്? പ്രപഞ്ചത്തിലുള്ള ഒരോ വസ്തുവിന്റെ ആന്തരികതയിലും പ്രത്യേകമായും, പ്രപഞ്ചം മുഴുവനിലും പൊതുവായും നിലനിൽക്കുന്ന സനാതനവും (elernal) സാർവ്വത്രികവുമായ (universal) സത്തയെ കുറിച്ച് (being) മനുഷ്യന്റെ ബുദ്ധിയിലുള്ള (inteliagence) അറിവും, സത്തയും തുല്യമായി വരുന്നതിനെയാണ് സത്യമെന്ന് പറയുന്നത്. ഉദാഹരണമായി വെള്ളത്തിന്റെ സത്ത (being) $H_2^o$ യാണ്. ഇത് മനുഷ്യന് മനസ്സിലായി. മനസ്സിലായതും വെള്ളത്തിന്റെ സത്തയും ഒന്നു തന്നെയായാൽ സത്യമായി. ഇതുപോലെ പ്രപഞ്ചത്തിലെ ഒരോ വസ്തുവിന്റെ ആന്തരികതയിലുമുള്ള സനാതനവും സാർവ്വത്രികവുമായതിനെ കണ്ടെത്തുന്ന അന്വേഷണമാണ് തത്വശാസ്ത്രം. തത്വശാസ്ത്രത്തിലെ വിവിധ ശാഖകളാണ് വിവിധ ശാസ്ത്രീയ വിഷയങ്ങൾ. ഉദാ:ഫിസിക്സ്, കെമിസ്ട്രി, ബയോളജി, ആന്ത്രോപ്പോളജി, സാമ്പത്തികശാസ്ത്രം, രാഷ്ട്രമീമാംസ, ഭാഷാശാസ്ത്രം മുതലായവ.

**b. വസ്തുനിഷ്ഠ സത്യം**

വെള്ളത്തിന്റെ സത്ത $H_2^o$ യാണെന്ന് നാം പ്രസ്താവിച്ചു. $H_2^o$ എന്നത് വെള്ളത്തിന്റെ സ്വഭാവമാണോ അതോ മനുഷ്യന്റെ ബുദ്ധി നിർമ്മിച്ച ഒരു നാമം മാത്രമാണോ? അറിവുകൾ മുഴുവൻ മനുഷ്യബുദ്ധിയുടെ നിർമ്മിതിയാണെന്നും, വസ്തു

www.malankaralibrary.com


വിന് അങ്ങിനെ ഒരു സത്തയില്ലെന്നും വാദിക്കുന്നവരാണ് ആശയവാദികൾ. വസ്തുവിൽ ഉള്ളത് ബുദ്ധി കണ്ടെത്തുകയാണെന്ന് വാദിക്കുന്നവരാണ് ഭൗതീക വാദികൾ. ഇത്തരമൊരു അർത്ഥത്തിൽ ക്രിസ്ത്യാനികൾ ആശയവാദികളല്ല ഭൗതീ കവാദികളാണ്. സത്തയെന്നത് വസ്തുവിന്റെ ആന്തരികതയിലെ യുക്തിയാണ്. ഹെറാക്ലിറ്റസ്, സെനോ ( Zeno), അവിച്ചെന്ന (Avicenna or Ibn Sinna) തോമസ് അക്വീനാസ്, സ്പീനോസാ, ഹേഗൽ, കാറൽമാർക്സ് എന്നിവർ വസ്തുനിഷ്ഠ സത്യം നിലനിലനിൽക്കുന്നുവെന്ന് വാദിക്കുന്നവർ എന്ന അർത്ഥത്തിൽ ഭൗതീ കവാദികളാണ്.

എന്നാൽ പാർമനൈഡ്സ്, ഗൗതമബുദ്ധൻ, പ്ളറ്റോ, അരിസ്റ്റോട്ടിൽ, ഡേവിസ് ഹ്യൂം, ജോർജ്ജ് ബർക്കിലി, ദെക്കാർത്ത്, ലെബനീസ് എന്നിവർ ആശയവാദിക ളാണ്.

**c. യുക്തിവാദികളും (rationalist) അനുഭവ വാദികളും (empiricist)**

ഭൗതീകവാദികളേയും (malerialists) ആശയവാദികളേയും (idealistic) വീണ്ടും രണ്ടായി തരം തിരിക്കാം. പ്ളാറ്റോയും, അരിസ്റ്റോട്ടിലും ആശയവാദികളാണെന്ന് നാം കണ്ടു. പക്ഷെ ഇവർ ബുദ്ധിയുടെ ആന്തരികതയിൽ ഉണ്ടെന്നു പറയുന്ന സത്യം കണ്ടെത്താൻ ഉപയോഗിക്കുന്ന മാർഗ്ഗം വ്യത്യസ്ഥമാണ്. സത്യത്തിന്റെ അടിസ്ഥാനസ്വഭാവം യുക്തിയായതിനാൽ യുക്തിമാത്രം ഉപയോഗിച്ച് സത്യത്തെ കണ്ടെത്താം എന്ന് പ്ളാറ്റോ വാദിക്കുന്നു. മനുഷ്യന്റെ ഇന്ദ്രിയങ്ങൾ ബുദ്ധിയുടെ വളർച്ചയ്ക്ക് തടസ്സമാണെന്ന് പ്ളാറ്റോ അഭിപ്രായപ്പെടുന്നു. സത്യം കണ്ടെത്താൻ യുക്തി മാത്രം ഉപയോഗിക്കണമെന്ന് വാദിക്കുന്നവരാണ് യുക്തിവാദികൾ (rationalists). ഇവരുടെ സത്യാന്വേഷണ രീതിയാണ് deductive logic അഥവാ 'a priori'. ബുദ്ധിയിൽ ഒരു പൊതു പ്രസ്താവനയിൽ നിന്ന് യുക്തിയിലൂടെ നിഗമ നങ്ങളിലെത്തിച്ചേരുന്ന ശാസ്ത്രീയ രീതിയാണ് deduction. മാത്തമാറ്റിക്സ് എന്ന ശാസ്ത്രശാഖ ഇതിന് ഉദാഹരണമാണ്. സ്ഥിതിവിവര ശാസ്ത്രത്തിൽ (statistics) ഉപയോഗിക്കുന്ന നോർമൽ വക്രം (normal curve) എന്ന സിദ്ധാന്തം, അടച്ചിട്ട മുറിയിലിരുന്ന് യുക്തി കൊണ്ട് മാത്രം കണ്ടെത്തിയതാണ്. ലോകത്തിലുള്ള എല്ലാ ഫാക്ടറികളിലും, ഗവേഷണ സ്ഥാപനങ്ങളിലും ഗുണനിലവാരം കണ്ടെത്തുന്ന തും, തിരുത്തുന്നതും നോർമൽ കർവ് അടിസ്ഥാനമാക്കിയാണ്.

എന്നാൽ യാഥാർത്ഥ്യത്തെ വർഗ്ഗീകരിച്ച്, പൊതുസ്വഭാവങ്ങൾ കണ്ടെത്തി, യുക്തി യിലൂടെ, നിഗമനത്തിലെത്തി ചേരുന്ന രീതിയാണ് അരിസ്റ്റോട്ടിൽ സ്വീകരിച്ചത്. ഇതിനെ a posteriori അഥവാ inductive logic എന്ന് വിളിയ്ക്കുന്നു. അരിസ്റ്റോട്ടി ലിന്റെ രീതി വികസിച്ചതാണ് empiricism അഥവാ അനുഭവവാദം. ആശയവാദി കളിലെ യുക്തിവാദിയാണ് പ്ളാറ്റോ. എന്നാൽ ആശയവാദികളിലെ അനുഭവ വാദി യാണ് അരിസ്റ്റോട്ടിൽ.

www.malankaralibrary.com


ഇമ്മാനുവൽ കാന്റ് ആശയവാദത്തേയും, ഭൗതീക വാദത്തേയും, യുക്തിവാദ ത്തേയും അനുഭവ വാദത്തേയും സമന്വയിപ്പിക്കാൻ ശ്രമിച്ചു. ഈ ശ്രമത്തിന്റെ തുടർച്ചയാണ് ഹേഗൽ.

## d. ഹേഗലും സത്യവും

യാഥാർത്ഥ്യത്തിന്റെ ആന്തരികതയിലെ സത്തയും, ബുദ്ധിയിലെ സത്തയെ കുറി ച്ചുള്ള അറിവും തുല്യമാകുന്നത് a priori അറിവും, (deductive logic or rationalism) a posteriori (inductive logic or empiricism) അറിവും ഒന്നായി തീരുമ്പോഴാണെന്ന ഇമ്മാനുവൽ കാന്റിന്റെ വാദത്തെ അരക്കിട്ടുറപ്പിക്കുകയാണ് ഹേഗൽ. ഈ തുല്യ തയാണ് സത്യം. ഈ അറിവുകളെല്ലാം മനുഷ്യന്റെ ഉള്ളിലുള്ള ഞാൻ (I) എന്ന കേന്ദ്രത്തിൽ അന്തർലീനമായിരിക്കുന്നുവെന്നതാണ് ജർമൻ ആശയവാദത്തിന്റെ (german ideology) സംഭാവന.

മനുഷ്യനിലെ “ഞാൻ” എന്ന കേന്ദ്രത്തിൽ നിന്ന് എങ്ങിനെ അറിവ് വളരുന്നുവെ ന്നതിന്റെ ക്രമം ഹേഗൽ വിശദീകരിക്കുന്നു. വിത്ത് ചെടിയായി, മരമായി, മരം ഫലം പുറപ്പെടുവിച്ച് നിൽക്കുന്ന ഉദാഹരണമാണ് ഹേഗലിന്റെ വിശകലന മാതൃക. ചെടിയുടെ വിത്തിനെ മുഴുവനായും അദ്ദേഹം സത്ത (being) എന്ന പദം കൊണ്ട് സൂചിപ്പിക്കുന്നു.

പരമ്പരാഗത തത്വശാസ്ത്രത്തിലെ സത്ത (being) യാഥാർത്ഥ്യത്തിന്റെ ആന്തരിക തയിൽ ഒളിഞ്ഞു കിടക്കുന്നതും, എന്നാൽ യാഥാർത്ഥ്യത്തിന്റെ എല്ലാ അണുവിലും സന്നിഹിതമാകുകയും ചെയ്യുന്ന ഭാഗം മാത്രമാണ്. ഉദാഹരണത്തിന് വെള്ളത്തി നകത്തെ $H_2^o$ ഭാഗത്തെയാണ് പരമ്പരാഗത തത്വശാസ്ത്രം സത്ത (being) എന്ന വിളിയ്ക്കുന്നത്. എന്നാൽ ഹേഗലിന്റെ അഭിപ്രായത്തിൽ വെള്ളത്തെയാണ് (be-ing) എന്ന് വിളിയ്ക്കുന്നത്. ഒരു മനുഷ്യൻ മുഴുവനായും സത്തയാണ് (being). ഈ വിത്തിനകത്ത് പൂർണ്ണവളർച്ചയിലെത്താൻ വെമ്പി നിൽക്കുന്ന ഒരു മുകുളമു ണ്ട് (germ). വളരുന്ന മുകുളമാണ് essence. വിത്ത് (being) ഇല്ലാതായി ചെടിയാ കുന്നു (non being). ചെടി ഇല്ലാതായി മരമാകുന്നു. മരം (being) ഇല്ലാതായി വിത്തു കളാകുന്നു (non being). വിത്ത് ഉള്ളപ്പോൾ ചെടിയില്ല, ചെടിയുള്ളപ്പോൾ മരമില്ല, മരമുള്ളപ്പോൾ മറ്റനേകം വിത്തുകളില്ല, വിത്തുകൾ രൂപം കൊള്ളുമ്പോൾ മരമില്ല.

ലോകം ഒരു വിത്തിനെപ്പോലെ ആദ്യമുണ്ടായിരുന്ന being ൽ നിന്ന് രൂപാന്തരം പ്രാപിച്ച് ഇന്നത്തെ അവസ്ഥയിൽ എത്തിചേരുന്നു. ചെടിയിൽ കാണുന്ന ഈ പ്രക്രിയയാണ് പ്രപഞ്ചത്തിലും മനുഷ്യന്റെ ആന്തരികതയിലെ "I" എന്ന യാഥാർത്ഥ്യത്തിനും സംഭവിക്കുന്നത്.

ഒരു ചെടിയുടെ വിത്തിൽ (a) മുകുളം നൽകപ്പെട്ടതാണ്. (b) മറ്റൊന്നാകാൻ വേണ്ടി സ്വയം നിഷേധിക്കുന്നു (c) മുകുളത്തിന് ലക്ഷ്യമുണ്ട് (d) ചെടി വിത്തിനെ നിഷേ

www.malankaralibrary.com


ധിക്കുമ്പോഴും വിത്തിനകത്തെ മുകുളത്തിന്റെ ആന്തരികതയിൽ രേഖപ്പെടുത്തിയ അടിസ്ഥാന ഘടന നിലനിൽക്കുന്നു. (e) വിത്ത് അഴുകി (നിഷേധിച്ച്) മുകുളത്തിന്റെ ഘടനയെ ഉൾക്കൊണ്ട് (assimilation or sublation), മുകുളത്തെ രൂപാന്തരപ്പെടുത്തി ലക്ഷ്യത്തിലേക്ക് (aim or end) എത്തുന്നതാണ് വളർച്ച (f) ഈ മൊത്തം പ്രക്രിയയെ ഒറ്റവാക്കിൽ പറയുന്നതാണ് Aufhebung.

Aufhebung മൂന്ന് കാര്യമുണ്ട് (a) നിഷേധം (b) ഉൾക്കൊള്ളൽ (c) ലക്ഷ്യത്തിലേക്കുള്ള രൂപാന്തരപ്പെടൽ. ഈ പ്രക്രിയയാണ് (process) വളർച്ച. ഇത് പ്രകൃതിയുടെ സ്വഭാവമാണ്. ഇതേ പ്രക്രിയ ബുദ്ധിയിൽ സംഭവിച്ചു കൊണ്ടാണ് "I" എന്ന യാഥാർത്ഥ്യം സത്യത്തിൽ എത്തിച്ചേരുന്നത്.

ഇത് "I" എന്ന വിത്തിനെ കുറിച്ചുള്ള സ്വയാവ ബോധം മാത്രമല്ല. ഈ "I" വളരുന്നുണ്ട്. വളരുന്ന "I" എന്ന യാഥാർത്ഥ്യമാണ് Essence. വളരാൻ വെമ്പി നിൽക്കുന്ന "I" യെന്ന യാഥാർത്ഥ്യമാണ് "being". മറ്റൊരു വിധത്തിൽ വിത്തിന്റെ അവസ്ഥയിൽ മനുഷ്യന്റെ ആന്തരികതയിലുള്ള "I" എന്നതാണ് being. ചെടിയുടെയും, മരത്തിന്റേയും അവസ്ഥയിലുള്ള "I" എന്ന യാഥാർത്ഥ്യമാണ് essence. എന്നിലുള്ള ഞാൻ (I) എന്ന യാഥാർത്ഥ്യം അഥവാ "being" വളർന്ന് "essence" ആയി മാറുന്നു. ഈ പ്രക്രിയയ ബുദ്ധിയിൽ പ്രതിഫലിക്കുന്നതാണ് അറിവ്.

ഞാൻ (I) എങ്ങിനെ വളരുന്ന ഞാനാകും (growing I or essence) ? ഈ ചോദ്യത്തിന്റെ ഉത്തരമാണ് ഹേഗൽ ലോകത്തിന് നൽകിയ ഏറ്റവും വലിയ സംഭാവന. മനുഷ്യൻ ബുദ്ധിയിൽ കാണുന്ന രൂപങ്ങളെ (forms) വസ്തുവിൽ സന്നിവേശിപ്പിച്ചു കൊണ്ടാണ് ലോകത്തിലുള്ള വസ്തുക്കളുടെ രൂപം മാറ്റുന്നത് (transform). ഈ പ്രക്രിയയെ തൊഴിൽ (labour) എന്ന് വിളിയ്ക്കുന്നു. തൊഴിലിലൂടെ മനുഷ്യൻ പ്രപഞ്ചത്തെ രൂപാന്തരപ്പെടുത്തുന്നതിലൂടെ സ്വന്തം ഞാനിനെ (I as being) മറ്റൊരു ഞാനായി (I as essence) മാറ്റുന്നു. ആന്തരികതയിൽ സംഭവിക്കുന്ന ഈ മാറ്റം ബുദ്ധിയിൽ പ്രതിബിംബിക്കുന്നു (reflection). ഈ പ്രതിബിംബത്തെ വിശകലനം ചെയ്തു കൊണ്ടാണ് ബുദ്ധി വളരുന്നത്. മുൻപുള്ള ഞാൻ (I) എന്ന യാഥാർത്ഥ്യം അഴുകുന്നു. അതിന്റെ (errence) ഉൾക്കൊള്ളുന്നു മറ്റൊരു ഞാനായി (I) വളരുന്നു. നിഷേധിക്കുക, ഉൾക്കൊള്ളുക, രൂപാന്തരപ്പെടുക ലക്ഷ്യത്തിലേക്കു വളരുക എന്ന പ്രക്രിയ ബുദ്ധിയിൽ അതേപടി സംഭവിക്കുന്നതാണ് dialectics.

**e. ഭൗതീകവാദവും - പ്രപഞ്ച രൂപീകരണവും**

പ്രപഞ്ചത്തിന്റെ ആന്തരികതയിലും, ഒരോ വസ്തുവിന്റെ ആന്തരികതയിലും യുക്തി അഥവാ സത്ത "being" നിലനിൽക്കുന്നുണ്ടെന്ന് പറയുന്നതാണ് ഭൗതീകവാദം എന്നതിന്റെ ആദ്യത്തെ അർത്ഥം. എന്നാൽ വിശ്വപ്രപഞ്ചം ആദിയിലുണ്ടായിരുന്ന ഭൗതീക വസ്തു പരിണമിച്ചുണ്ടായതാണെന്ന ചിന്തയിൽ പ്രപഞ്ചത്തെ

www.malankaralibrary.com


കുറിച്ചുള്ള വിശകലനം ആരംഭിക്കുന്നതാണ് ഭൗതീക വാദത്തിന്റെ രണ്ടാമത്തെ അർത്ഥം. ഈ വാദമനുസരിച്ച് പ്രപഞ്ചം സ്വയം ഭൂവാണ് (sui generis) ആദിയിലുണ്ടായ പദാർത്ഥം (matter) സ്വയം രൂപപ്പെട്ട് പരിണമിച്ച് മരങ്ങളും, പുഴകളും, മൃഗങ്ങളും, മനുഷ്യനും ഉണ്ടായി എന്നതാണ് ഭൗതീകവാദത്തിന്റെ രണ്ടാമത്തെ അർത്ഥം.

എങ്ങിനെ ഭൗതീകവസ്തു പരിണമിച്ചു? ഈ ചോദ്യത്തിന് എപ്പിക്യൂറസ് നൽകുന്ന മറുപടിയാണ് മാർക്സ് ഡോക്ടറൽ തിസീസ്സായി അവതരിപ്പിക്കുന്നത്. "ഡമോക്രിറ്റസിന്റെയും എപ്പിക്യൂറസിന്റെയും പ്രകൃതിയെ കുറിച്ചുള്ള തത്വശാസ്ത്രത്തിലെ വ്യത്യാസം" എന്നതാണ് തീസീസിന്റെ തലക്കെട്ട്. വിവിധ മൂലകങ്ങൾ കൂടിചേർന്ന് ബന്ധങ്ങളുണ്ടായിട്ടാണ് പ്രപഞ്ചം രൂപപ്പെട്ടത്. ഡമോക്രിറ്റസിന്റെ വാദമനുസരിച്ച് കണങ്ങൾ നേർ രേഖയിലൂടെയാണ് സഞ്ചരിയ്ക്കുന്നത്. ഇതിനെ എപ്പിക്യൂറസ് ചോദ്യം ചെയ്യുന്നു. സഞ്ചരിക്കുന്ന വഴിയിൽ നിന്ന് തെന്നിമാറി മറ്റൊരു ദിശയിലേക്ക് കണങ്ങൾ സഞ്ചരിക്കുന്നു എന്നാണ് എപ്പിക്യൂറസ് വാദിക്കുന്നത്. സഞ്ചാരപാതയിലുള്ള വക്രീകരണമാണ് കണങ്ങൾ കൂട്ടിയിടിക്കാനുള്ള കാരണം. സഞ്ചാരപാത നേർരേഖയാണോ (linear), വക്രികരിച്ചതാണോ എന്നതാണ് ഇവരുടെ തത്വചിന്തയിലെ വ്യത്യാസം. കണങ്ങളുടെ സഞ്ചാരപാത നേർരേഖയാണെങ്കിൽ കൂടിചേരലുകൾ സംഭിവിക്കില്ല. എന്നാൽ വക്രപാത കൂടിചേരലിലേക്ക് നയിക്കും. അതുകൊണ്ട് കണങ്ങൾ കൂട്ടിച്ചേർത്ത് ബന്ധങ്ങൾ നിർമ്മിക്കാൻ മറ്റൊരു ദൈവത്തിന്റെ ആവശ്യമില്ലെന്നതാണ് തിസീസ്സിന്റെ നിഗമനം.

കണങ്ങളുടെ ചലനപാതയുടെ വിശദീകരണം മാത്രം ഉപയോഗിച്ചു കൊണ്ട് പ്രപഞ്ചത്തിന്റെ സ്വയം രൂപീകരണം വിശദീകരിക്കുന്നത് പൂർണ്ണമല്ലെന്ന് മാർക്സ് മനസ്സിലാക്കിയിരുന്നു. അതുകൊണ്ട് ഹേഗലിന്റെ ഡയലക്റ്റിക്ക്സ് എന്ന പ്രക്രിയ മാർക്സ് സ്വീകരിച്ചു. ആദിയിലുണ്ടായിരുന്നത് വെറും ഭൗതീക വസ്തുവാണെന്ന് ക്ലാസ്സിക്കൽ ഭൗതീകശാസ്ത്രം ഉന്നയിക്കുന്നു. ക്ലാസിക്കൽ ഭൗതീകവാദം ആദിയിലുണ്ടായിരുന്നത് വെറും ഭൗതീക വസ്തുവാണെന്ന് ഉന്നയിക്കുമ്പോൾ, ആദിയിലുണ്ടായിരുന്നത് ചലനാത്മക ഭൗതീക വസ്തുവാണെന്ന് (dialiclieal Matter) മാർക്സ് ഉന്നയിക്കുന്നു. ആദിയിലുണ്ടായിരുന്ന ഭൗതീക വസ്തുവിന്റെ സ്വഭാവം തന്നെ ഡയലക്റ്റിക്സാണെന്ന് പ്രഖ്യാപിച്ചതിലൂടെ, ഭൗതീക വസ്തു എങ്ങിനെ ഇന്നു കാണുന്ന വിധത്തിൽ പുഴകളും, മലകളും, ജീവജാലങ്ങളുമായി പരിണമിച്ചുവെന്നതിന് മറ്റൊരു വ്യഖ്യാനമോ, ശക്തിയോ ആവശ്യമില്ലെന്ന് മാർക്സിസം പഠിപ്പിക്കുന്നു.

**f. മാർക്സിയൻ ഡയലക്റ്റിക്ക്സ് ഹേഗലിന്റേതു തന്നെയോ?**

ഹേഗലിനെ വായിച്ചിട്ട് മാർക്സിനും എംഗൽസിനും മനസ്സിലായി എന്നതു പോലെയാണ് മാർക്സിസ്റ്റ് ഗ്രന്ഥങ്ങൾ വായിക്കുന്നവർക്ക് തോന്നുക. എന്നാൽ

www.malankaralibrary.com


ഹേഗലിന്റെ സിദ്ധാന്തങ്ങളെ വേണ്ടവിധത്തിൽ മാർക്സ് മനസ്സിലാക്കിയിട്ടില്ലെന്നു വേണം അനുമാനിക്കാൻ. അതുകൊണ്ട് ഹേഗലിനെ കുറിച്ച് മാർക്സ് പറയുന്നത് ശരിയാണോയെന്ന് പരിശോധിക്കാൻ ഹേഗലിനെ തന്നെ വായിക്കണം. ഹേഗൽ ലോജിക് എന്ന വിഷയത്തെ കുറിച്ച് രണ്ട് ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്. സയൻസ് ഓഫ് ലോജിക് എന്നതാണ് ഒരു ഗ്രന്ഥം. ഈ ഗ്രന്ഥത്തെ ഗ്രേറ്റർ ലോജിക് എന്ന് വിളിക്കുന്നു. ലോജിക്കിനെ കുറിച്ചെഴുതിയ രണ്ടാമത്തെ ഗ്രന്ഥം ഷോർട്ടർ ലോജിക് എന്ന പേരിൽ അറിയപ്പെടുന്നു. ഹേഗൽ രചിച്ച എൻസൈക്ളോപീഡിയ ഓഫ് സയൻസിന്റെ ഒന്നാം ഭാഗമാണ് ഷോർട്ടർ ലോജിക് എന്ന പേരിൽ അറിയപ്പെടുന്നത്.

ഷോർട്ടർ ലോജിക് എന്ന ഗ്രന്ഥത്തിൽ ഡയലക്റ്റിക്സ് എന്ന ചിന്ത അവതരിപ്പിക്കുന്നു. ഹേഗൽ Aufhebung എന്ന വാക്കാണ് ഉപയോഗിക്കുന്നത്. ഈ പദത്തിൽ നിഷേധം (Negation) ഉൾക്കൊള്ളൽ (Sublation) ലക്ഷ്യത്തിലേക്കുള്ള വളർച്ച (developing towards aim) എന്നീ മൂന്ന് ഭാഗങ്ങളുണ്ട്. ഇത് നിരന്തര പ്രക്രിയയാണ്. മാർക്സും എംഗൽസും ഡയലക്റ്റിക്സ് എന്നാൽ നിഷേധത്തിന്റെ നിഷേധമെന്ന് (Negation of Negation) നിർവ്വചിക്കുന്നു. പ്രസ്തുത നിർവചനത്തിന് ഹേഗലിന്റെ തത്വവുമായോ, പ്രകൃതിയിലെ ജീവജാലങ്ങളുടെ സ്വഭാവമായോ, ബുദ്ധിയുടെ വളർച്ചയായോ, സമൂഹ പുരോഗതിയുമായോ യാതൊരു ബന്ധവുമില്ല. ഹേഗലിനെക്കാൾ മോശം ആശയം അവതരിപ്പിച്ചു കൊണ്ട്, ഹേഗലിന്റേതിനേക്കാൾ മെച്ചപ്പെട്ടതാണ് തന്റേതെന്ന് സ്വയം അവകാശ വാദം ഉന്നയിക്കുക മാത്രമാണ് മാർക്സ് ചെയ്യുന്നത്.

നിഷേധത്തിന്റെ നിഷേധമാണ് വളർച്ചയെന്നത് തെറ്റാണ്. ഈ തെറ്റ് സാമൂഹിക ശാസ്ത്രത്തിൽ മാർക്സ് പ്രയോഗിച്ചു. അതുകൊണ്ട് തന്നെ നിലവിലുള്ള സാമൂഹിക സംവിധാനത്തെ ഉൾക്കൊണ്ട് നിഷേധിച്ച് വളരുകയെന്നത് മാർക്സിസ്റ്റ് പ്രയോഗത്തിലില്ല. നിലവിലുള്ളത് നശിപ്പിക്കുക അപ്പോൾ പുതിയത് താനെ രൂപം കൊള്ളുമെന്ന മൂഢ പ്രത്യാശയിലാണ് മാർക്സിസ്റ്റ് ഡയലക്റ്റിക്സ്. എംഗൽസിന്റെ വാക്കുകളിൽ ''All that exists deserves to perish''.